# COCHIN DEVASWOM BOARD

**Round North, Thrissur – 680 001**

PH: 2331124, 2327028

E-mail. admin @cochindevaswomboard.org


No. R.7471/2016 Dated: 21/07/2025

## പരസ്യം

ശ്രീ വടക്കുന്നാഥൻ ക്ഷേത്രമൈതാനത്തിന്റെ കിഴക്ക് ഭാഗത്ത് പുൽത്തകിടി ഒഴികെയുള്ള സ്ഥലത്ത് തെക്ക് വശത്തായി 2025 ഓണത്തോടനുബന്ധിച്ച് 2025 ഓഗസ്റ്റ് 26 മുതൽ സെപ്തംബർ 5 കൂടി പൂക്കച്ചവടം നടത്തുന്നതിന് താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും മത്സരസ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിച്ചു കൊള്ളുന്നു. സീൽ ചെയ്ത ടെണ്ടറുകൾ 31/07/2025 3 പി.എം ന് മുമ്പായി നിരതദ്രവ്യമായി 75000/-ക (എഴുപത്തി അയ്യായിരം രൂപ മാത്രം) യുടെ DD (കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ തൃശ്ശൂരിൽ മാറാവുന്നത്) സഹിതം തൃശ്ശൂർ റൗണ്ട് നോർത്തിൽ ഉള്ള കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ടെണ്ടറുകൾ അന്നേ ദിവസം 3.30 പി.എം ന് ഹാജരുള്ള ടെണ്ടർ സമർപ്പിച്ച വ്യക്തികളുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും കൂടുതൽ തുകയ്ക്ക് ടെണ്ടർ സമർപ്പിച്ച വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേരിൽ ടെണ്ടർ ഉറപ്പിക്കുന്നതുമാണ്. നിരതദ്രവ്യം ഇല്ലാത്ത ടെണ്ടറുകൾ യാതൊരുകാരണവശാലും പരിഗണിക്കുന്നതല്ല ടെണ്ടർ ലഭിക്കുന്ന വ്യക്തി ടെണ്ടർ സംഖ്യക്ക് പുറമെ നിയമാനുസൃത ജി.എസ്.ടി യും അടക്കേണ്ടതാണ്. കച്ചവടം നടത്തുന്നതിനാവശ്യമായ എല്ലാ നടപടികളും ടെണ്ടർ ലഭിച്ച വ്യക്തിയുടെ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും ചെയ്യേണ്ടതും 11-ാം ദിവസം കഴിയുന്ന മുറയ്ക്ക് കച്ചവടം ഒഴിവാക്കി സ്ഥലം പൂർവ്വസ്ഥിതിയിലാക്കി ശ്രീ വടക്കുന്നാഥൻ ദേവസ്വം മാനേജരെ തിരികെ ഏൽപ്പിക്കേണ്ടതുമാണ്. ടെണ്ടർ ലഭിക്കുന്ന വ്യക്തി താഴെ പറയുന്ന നിബന്ധനകൾ കൂടി ഉൾപ്പെടുത്തി നിയമാനുസൃത മുദ്രപേപ്പറിൽ കരാർ തയ്യാറാക്കി ഒപ്പ് വച്ച് ശ്രീ വടക്കുന്നാഥൻ ദേവസ്വം മാനേജരെ ഏൽപ്പിക്കേണ്ടതാണ്. ടെണ്ടർ കൊണ്ട വ്യക്തി ടെണ്ടർ സംഖ്യയും ടെണ്ടർ അംഗീകരിച്ച ഉത്തരവിൽ പറയുന്ന തീയ്യതിക്ക് മുമ്പായി കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ അടച്ച് രശീതി കൈപ്പറ്റേണ്ടതാണ്. ഈ ടെണ്ടർ ദേവസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ നിറുത്തിവക്കുന്നതിനും, വേണ്ടെന്ന് വക്കുന്നതിനും അസാധുവാക്കുന്നതിനും മറ്റുയുക്തമെന്ന് തോന്നുന്ന നടപടി സ്വീകരിക്കുന്നതിനും താഴെ ഒപ്പുവെയ്ക്കുന്ന ഉദ്യോഗസ്ഥന്/ഉദ്യോഗസ്ഥക്ക് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്ന താണ്. ടെണ്ടറിനെ കുറിച്ച് കൂടുതൽ വിവരങ്ങൾ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ

പ്രവൃത്തി ദിവസങ്ങളിൽ പ്രവർത്തിസമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

**നിബന്ധനകൾ**

1. ബഹു.കേരള ഹൈക്കോടതിയുടെ WP(C) No. 26499/2018 dt.11/04/2023 വിധിയിലെ ഖണ്ഡിക 35 അനുസരിച്ച് ക്ഷേത്ര മൈതാനത്തിനകത്ത് രാഷ്ട്രീയ സംഘടന കളുടെയോ, മറ്റൊരു സംഘടനകളുടെയോ യാതൊരുവിധ പരസ്യ ബോർഡുകളോ, ഹോർഡിംഗ്സുകളോ, ബാനറുകളോ, കൊടിതോരണങ്ങളോ സ്ഥാപിക്കുവാൻ പാടില്ലാത്തതാണ്.

2. പൂക്കച്ചവടത്തിനല്ലാതെ അനുവദിച്ച സ്ഥലത്ത് മറ്റ് കച്ചവടങ്ങൾ നടത്താൻ പാടുള്ളതല്ല.

3. കിഴക്കേ ഗോപുരനടയിലെ പുൽത്തകിടി പൂർണ്ണമായും ഒഴിച്ചിടേണ്ടതാണ്.

4. ക്ഷേത്രാചാരാനുഷ്ഠാനങ്ങൾക്കോ, ഭക്തജനങ്ങൾക്കോ ബുദ്ധിമുട്ടില്ലാത്തവിധം പരിപാടി നടത്തേണ്ടതാണ്.

5. ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് കൊണ്ട് മാത്രം കച്ചവടം നടത്തേണ്ടതാണ്.

6. ക്ഷേത്രമൈതാനത്ത് സസ്യേതര ഭക്ഷണപദാർത്ഥങ്ങൾ പാചകം ചെയ്യാനോ ഉപയോഗിക്കാൻ പാടുള്ളതല്ല, കൂടാതെ മറ്റ് ഭക്ഷണാവശിഷ്ടങ്ങൾ നിക്ഷേപിക്കാനോ പാടുള്ളതല്ല.

7. ക്ഷേത്രമൈതാനം പരിപൂർണ്ണമായും മാലിന്യവിമുക്തമാക്കികൊണ്ട് കച്ചവടം നടത്തേണ്ടതാണ്.

8. കച്ചവടത്തിന്റെ ഭാഗമായി മാലിന്യങ്ങൾ ഉണ്ടാകുന്ന പക്ഷം സംഘാടകരുടെ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ആയവ നീക്കം ചെയ്യേണ്ടതാണ്.

9. ദേവസ്വം മാനേജരുടെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കച്ചവടം നടത്തേണ്ടതും കച്ചവടത്തിന് ശേഷം സ്ഥലം പൂർവ്വസ്ഥിതിയിലാക്കി ദേവസ്വം മാനേജരെ തിരികെ ഏൽപ്പിക്കേണ്ടതുമാണ്.

10. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് തൃശ്ശൂർ കോർപ്പറേഷനിൽ മുൻകൂട്ടി അറിയിച്ച് മാലിന്യ നിർമ്മാർജ്ജനത്തിന് ആവശ്യമായ സംഖ്യ കോർപ്പറേഷനിൽ

ഒടുക്കേണ്ടതാണ്. ആയതിന്റെ ശരിപ്പകർപ്പ് ശ്രീ വടക്കുന്നാഥൻ ദേവസ്വം മാനേജർക്ക് നൽകേണ്ടതുമാണ്.

11. ടെണ്ടർ കൊണ്ട വ്യക്തി അകാരണമായി ടെണ്ടറിൽ നിന്നും പിൻമാറുന്ന പക്ഷം നിരതദ്രവ്യമായി അടച്ച സംഖ്യ തിരികെ ലഭിക്കുന്നതല്ല.

12. കച്ചവടത്തിന് ശേഷം മൈതാനം പൂർണ്ണമായും മാലിന്യ വിമുക്തമാക്കി സ്ഥലം പൂർവ്വസ്ഥിതിയിലാക്കി ദേവസ്വം മാനേജരെ ബോധ്യപ്പെടുത്തി ദേവസ്വം മാനേജരിൽ നിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രം നിരത ദ്രവ്യമായി അടച്ച സംഖ്യ പലിശ രഹിതമായി തിരികെ നൽകുന്നതാണ്.

ബഹു.കേരള ഹൈക്കോടതിയുടെ എല്ലാ നിബന്ധനകളും പാലിച്ചു കൊണ്ട് കച്ചവടം നടത്തേണ്ടതാണെന്നും, ആയതിൽ ഏന്തെങ്കിലും വീഴ്ച്ച വരുത്തിയാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം ടെണ്ടർ കൊണ്ട വ്യക്തിക്കായിരിക്കും ആയതിൽ കൊച്ചിൻ ദേവസ്വം ബോർഡിന് യാതൊരു ഉത്തരവാദിത്വം ഉണ്ടായിരിക്കുന്ന തല്ലെന്നും അറിയിക്കുന്നു.

സെക്രട്ടറി
കൊച്ചിൻ ദേവസ്വം ബോർഡ്